## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 676 10/03/2015-ൽ മറുപടിക്ക്

### പഞ്ചായത്ത് എക്സ്റ്റെൻഷൻ ടു ഷെഡ്യൂൾഡ് ഏരിയാ ആക്ട്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ.കെ. ബാലൻ : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പഞ്ചായത്ത് എക്സ്റ്റെൻഷൻ ടു ഷെഡ്യൂൾഡ് ഏരിയ (PESA) ആക്ട് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ നടപ്പാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എന്തെല്ലാം നടപടികളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | കേരളത്തിലെ പട്ടികവർഗ്ഗ ഭൂരിപക്ഷ പ്രദേശങ്ങളെ പഞ്ചായത്ത് എക്സ്റ്റെൻഷൻ ടു ഷെഡ്യൂൾഡ് ഏരിയ (PESA) ആക്ടിന്റെ പരിധിയിൽപ്പെടുത്തി പട്ടിക പ്രദേശങ്ങളായി രാഷ്ട്രപതി പ്രഖ്യാപിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ ശുപാർശ ഗവർണ്ണർ മുഖാന്തിരം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പഞ്ചായത്ത് രാജ് ആക്ട് പ്രകാരമാണോ, മറ്റേതെങ്കിലും നിയമപ്രകാരമാണോ PESA സംസ്ഥാനത്ത് നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ ; | (ബി) | ഇൻഡ്യൻ ഭരണഘടനയിലെ 244-ാം അനുച്ഛേദം 1-ാം ഖണ്ഡ പ്രകാരം 5-ാം ഖണ്ഡികയിലെ വ്യവസ്ഥകൾ പ്രകാരമാണ് PESA നടപ്പാക്കുന്നത്. |
| (സി) | പ്രസ്തുത ആക്ട് പ്രകാരം സംസ്ഥാനത്ത് എന്താണ് പുതുതായി നടപ്പാക്കുവാൻ പോകുന്നതെന്ന് വിശദമാക്കുമോ; | (സി) | കേരളത്തിൽ ആദിവാസി ശാക്തീകരണത്തിനും അവർക്ക് തനതായി ചില അധികാരങ്ങൾ കൈമാറുന്നതിനും ലക്ഷ്യമിട്ടാണ് നിശ്ചിത ആദിവാസി മേഖലകൾ PESA നിയമത്തിൻകീഴിൽ Scheduled Area ആയി പ്രഖ്യാപിക്കുന്നത്. പട്ടിക മേഖലയായി പ്രഖ്യാപിക്കപ്പെടുന്ന പ്രദേശങ്ങളിൽ മദ്യ നിരോധനം, ലഘു വനോൽപ്പാദനങ്ങളുടെ (Minor Forest Produce) ഉടമസ്ഥത, ആദിവാസി ഭൂമി കൈമാറ്റം തടയൽ, അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുക്കൽ, ഗ്രാമ വിപണിയുടെയും പണമിടപാടു സ്ഥാപനങ്ങളുടെയും നിയന്ത്രണം എന്നീ കാര്യങ്ങളിൽ ബന്ധപ്പെട്ട ഗ്രാമസഭയ്ക്ക് സവിശേഷാധികാരങ്ങളുണ്ട്. പട്ടിക മേഖലയിലെ സാമൂഹ്യ സാമ്പത്തിക വികസനത്തിനുള്ള |

| | | | |
|---|---|---|---|
| | | | പദ്ധതികളും പരിപാടികളും അംഗീകരിക്കൽ, ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ, ധന വിനിയോഗ സാക്ഷ്യപത്രം നൽകൽ, പ്രകൃതി വിഭവ സംരക്ഷണം തുടങ്ങിയ വിഷയങ്ങളിലും ഈ നിയമപ്രകാരം ഗ്രാമസഭയ്ക്ക് അധികാരങ്ങൾ സിദ്ധിക്കുന്നു. |
| (ഡി) | ഏതെല്ലാം നടപടിക്രമങ്ങൾക്ക് ശേഷമാണ് പ്രസ്തുത ആക്ട് പ്രകാരമുള്ള കാര്യങ്ങൾ ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | മന്ത്രിസഭാ തീരുമാനപ്രകാരം കേരളത്തിലെ പട്ടികവർഗ്ഗ പ്രദേശങ്ങളെ പെസ നിയമത്തിനു കീഴിൽ കൊണ്ടുവരുന്നതിന്, രാഷ്ട്രപതി പ്രസ്തുത പ്രദേശങ്ങളെ പട്ടികപ്രദേശങ്ങളായി പ്രഖ്യാപിക്കേണ്ടതുണ്ട്. രാഷ്ട്രപതിയുടെ പ്രഖ്യാപനത്തിനുശേഷമാണ് പ്രസ്തുത പ്രദേശങ്ങളിൽ PESA ബാധകമാക്കുന്നതു സംബന്ധിച്ച് ഗവർണ്ണർ വിജ്ഞാപനം പുറപ്പെടുവിക്കുന്നത്. PESA നടപ്പിലാക്കുന്നതിനായി പ്രസ്തുത പ്രദേശങ്ങളെ പട്ടിക പ്രദേശങ്ങളായി പ്രഖ്യാപിക്കുന്നതിനുള്ള രാഷ്ട്രപതിയുടെ ഉത്തരവിനു ശുപാർശ ചെയ്തുകൊണ്ട് കേന്ദ്ര ഗവൺമെന്റിനെ (Ministry of Tribal Affairs, Government of India) സംസ്ഥാന ഗവർണർ മുഖാന്തിരം സമീപിക്കേണ്ടതും രാഷ്ട്രപതിയുടെ പ്രഖ്യാപനം വന്നശേഷം പ്രസ്തുത പ്രദേശങ്ങളിൽ PESA ബാധകമാക്കിക്കൊണ്ട് ഗവർണ്ണർക്ക് വിജ്ഞാപനം പുറപ്പെടുവിക്കാവുന്നതുമാണ്. |

**സെക്ഷൻ ഓഫീസർ**